## പതിമൂന്നാം കേരള നിയമ സഭ
## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ . T 2178 07.07.2015-ൽ മറുപടിക്ക്.

### അക്ഷയ കേന്ദ്രങ്ങളുടെ പ്രവർത്തനവും ഫീസ് നിരക്കുകളും

ചോദ്യം — മറുപടി

ശ്രീമതി . ഗീതാ ഗോപി

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി
( വ്യവസായവും വിവര സാങ്കേതികവും
വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | താലൂക്ക്/വില്ലേജ് ഓഫീസുകളിൽ നിന്ന് പൊതുജനങ്ങൾക്ക് ലഭിക്കേണ്ട വിവിധതരം സാക്ഷ്യപത്രങ്ങൾ ലഭിക്കുന്നതിന് ചുമതല പ്പെടുത്തിയ അക്ഷയ കേന്ദ്രങ്ങൾ ശരിയാം വണ്ണം പ്രവർത്തിക്കുന്നുണ്ടെന്ന് ഉറപ്പ വരുത്തിയിട്ടുണ്ടോ; അതിനുള്ള സംവി ധാനങ്ങളും ക്രമീകരണങ്ങളും എന്തെന്ന് വിശദമാക്കുമോ; | (എ) | ഇ-ഡിസ്ട്രിക് എന്ന ഓൺലൈൻ സോഫ്റ്റ് വെയർ ആപ്ളിക്കേഷൻ വഴി താലൂക്ക്/വില്ലേജ് ഓഫീസുകളിൽ നിന്ന് പൊതുജനങ്ങൾക്ക് ലഭിക്കേണ്ട വിവിധതരം സാക്ഷ്യപത്രങ്ങൾക്കുള്ള അപേക്ഷ സമർപ്പിക്കുക മാത്രമാണ് അക്ഷയ കേന്ദ്രങ്ങൾ ചെയ്യുന്നത്. ഈ അപേക്ഷ അതാത് വില്ലേജ് ഓഫീസുകളിൽ അധികാരപ്പെടുത്തിയിട്ടുള്ള ഉദ്യോഗസ്ഥർ പരിശോധിക്കുകയും സാക്ഷ്യപത്രങ്ങൾ നൽകുകയും ചെയ്യുന്നു. ഈ സാക്ഷ്യപത്രങ്ങളുടെ പകർപ്പ് അക്ഷയ കേന്ദ്രങ്ങൾ വഴിയും ലഭ്യമാണ്. ഇ-ഡിസ്ട്രിക്റ്റ് വഴി അപേക്ഷ സമർപ്പിക്കുന്നതിന് ആവശ്യമായ സൗകര്യങ്ങൾ (കമ്പ്യൂട്ടർ, സ്കാനർ, പ്രിന്റർ, ഇൻറർനെറ്റ് കണക്റ്റിവിറ്റി) എല്ലാ അക്ഷയ കേന്ദ്രങ്ങളിലും ലഭ്യമാണ്. |
| (ബി) | ഓരോ സർട്ടിഫിക്കറ്റിനും പൊതുജനങ്ങളിൽ നിന്ന് അക്ഷയ കേന്ദ്രങ്ങൾ ഈടാക്കേണ്ട ഫീസ് നിരക്ക് നിശ്ചയിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (ബി) | ഉണ്ട്. താലൂക്ക്/വില്ലേജ് ഓഫീസുകളിൽ നിന്ന് പൊതുജനങ്ങൾക്ക് ലഭിക്കേണ്ട വിവിധതരം സാക്ഷ്യപത്രങ്ങൾക്കുള്ള ഓരോ അപേക്ഷയ്ക്കും ജനറൽ കാറ്റഗറിയിലുള്ളവർ 17 രൂപയും (10 രൂപ അക്ഷയ |

| | | | |
|---|---|---|---|
| | | | കേന്ദ്രങ്ങൾക്കുള്ള സർവ്വീസ് ചാർജ് + 5 രൂപ റവന്യൂ സ്റ്റാമ്പ്+2 രൂപ സർക്കാർ വിഹിതം ), ബിപിഎൽ കാറ്റഗറിയിലുള്ളവർ 15 രൂപയും (10 രൂപ അക്ഷയ കേന്ദ്രങ്ങൾക്കുള്ള സർവ്വീസ് ചാർജ് + 5 രൂപ റവന്യൂ സ്റ്റാമ്പ്), SC/ST വിഭാഗത്തിലുള്ളവർക്ക് 10 രൂപയും അക്ഷയ കേന്ദ്രങ്ങൾക്കുള്ള സർവ്വീസ് ചാർജായി നൽകേണ്ടതാണ്. ഇതു കൂടാതെ പ്രിന്റിംഗിനും സ്കാനിംഗിനുമുള്ള സേവനം ലഭിയ്ക്കുന്നതിന് ഓരോ പേജിനും 2 രൂപ നിരക്കിൽ നൽകേണ്ടതാണ്. |
| (സി) | ഫീസ് നിരക്കുകൾ അക്ഷയ കേന്ദ്രങ്ങളിൽ പട്ടികയായി പ്രസിദ്ധീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള നടപടി സ്വീകരിക്കുമോ? | (സി) | വിവിധ സേവനങ്ങൾക്ക് ഈടാക്കേണ്ട ഫീസ് നിരക്കുകളുടെ ചാർട്ട് എല്ലാ അക്ഷയ കേന്ദ്രങ്ങൾക്കും നൽകിയിട്ടുണ്ട്. എന്നാൽ ചില സേവനങ്ങളുടെ സർവ്വീസ് ചാർജ്ജിൽ ഭേദഗതി വന്നിട്ടുള്ളതിനാൽ പുതുതായി അച്ചടിച്ച് നൽകാൻ തീരുമാനിച്ചിട്ടുണ്ട്. കൂടാതെ അക്ഷയ കേന്ദ്രങ്ങളിൽ ഈഡിസ്ട്രിക്ട് സേവനങ്ങൾക്കായി ഒരു രജിസ്റ്റർ സൂക്ഷിക്കാനും നിഷ്കർഷിച്ചിട്ടുണ്ട്. എല്ലാവിധ സേവനങ്ങൾക്കും ഈടാക്കുന്ന ഫീസ് പ്രദർശിപ്പിയ്ക്കുവാൻ എല്ലാ അക്ഷയകേന്ദ്രങ്ങൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. |

(signature)

സെക്ഷൻ ഓഫീസർ